വയനാട് ജില്ലയിലെ വനിതാ കോൺസ്റ്റബിൾമാരുടെ സ്ഥാനക്കയറ്റം

78(370) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1990-ൽ വയനാട് ജില്ലയിൽ എത്ര വനിതാ പോലീസ് കോൺസ്റ്റബിൾമാരാണ് സർവ്വീസിൽ പ്രവേശിച്ചത്;

(ബി) ഇവരിൽ എത്ര പേർക്കാണ് പിന്നീട് ഡിപ്പാർട്ട്മെന്റ് പ്രൊമോഷൻ നൽകിയതെന്നും ഏതെല്ലാം തസ്തികകളിലേക്കായിരുന്നു സ്ഥാനക്കയറ്റമെന്നും വ്യക്തമാക്കുമോ;

(സി) ഇവരിൽ 19 വർഷമായി സ്ഥാനക്കയറ്റം ലഭിക്കാതെ എത്ര പേരാണ് ഇപ്പോൾ എൻട്രി കേഡറിൽ തുടരുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വിഭാഗത്തിന് സ്ഥാനക്കയറ്റം നടക്കാതെ പോയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഇ) ഇവർക്ക് ശേഷം സർവ്വീസിൽ വന്ന വനിതാ പോലീസുകാർക്ക് പ്രമോഷൻ നൽകിയിട്ടുണ്ടോ;

(എഫ്) സ്ഥാനക്കയറ്റം ലഭിക്കാത്ത വിഭാഗത്തിന് പ്രൊമോഷൻ നൽകാൻ നടപടി ആലോചിക്കുമോ?

ഉത്തരം

(എ) 1990 ബാച്ചിൽ നിന്ന് 22 വനിതാ പോലീസ് കോൺസ്റ്റബിൾമാർ 15-3-1991-ൽ വയനാട് ജില്ലയിൽ ജോലിയിൽ പ്രവേശിച്ചിരുന്നു.

(ബി) ഇവരിൽ 12 പേർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്. സി.ഐ., എസ്.ഐ., എച്ച്.സി. തസ്തികകളിലേക്കായിരുന്നു സ്ഥാനക്കയറ്റം.

(സി) 11 പേർ (ഒന്ന് സൂപ്പർ ന്യൂമററി പോസ്റ്റ്).

(ഡി) ഒഴിവുകൾ ഇല്ലാത്തതിനാൽ.

(ഇ) ഉണ്ട്.

(എഫ്) നടപടി സ്വീകരിച്ചുവരുന്നു.

പോലീസ് വെരിഫിക്കേഷനിലെ കാലതാമസം

79(371) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി ജോലിയിൽ പ്രവേശിക്കുന്ന ആളുകളുടെ നിയമനം അംഗീകരിക്കുന്നതിന് മുൻപായി പോലീസ് വിശദവിവരം അന്വേഷിച്ച് റിപ്പോർട്ട് നൽകുന്ന സമ്പ്രദായം നിലവിലുണ്ടോ; എങ്കിൽ അന്വേഷണത്തിനായി പോലീസിന് ലഭിക്കുന്ന പ്രൊഫോർമ അന്വേഷണം നടത്തി എത്ര ദിവസത്തിനുള്ളിൽ തിരികെ നൽകുമെന്ന് വ്യക്തമാക്കുമോ ;

(ബി) കേരള ഹൈക്കോടതി, വകുപ്പ് മേധാവികൾ, ഇതര സ്ഥാപനങ്ങളുടെ മേധാവികൾ എന്നിവർ പോലീസ് വെരിഫിക്കേഷൻ നടത്തി നൽകുന്നതിന് പോലീസിന് കൈമാറുന്ന പ്രൊഫോർമ യഥാസമയം തിരികെ നൽകാറില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ യഥാസമയം കൃത്യമായ റിപ്പോർട്ട് തിരികെ നൽകുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊള്ളുമെന്ന് വിശദീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കൈക്കൂലി നൽകാത്തവരുടെ അന്വേഷണ റിപ്പോർട്ട് മാസങ്ങളോളം പോലീസുകാർ കൈവശംവയ്ക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനെ സംബന്ധിച്ചുള്ള വിശദമായ അന്വേഷണ റിപ്പോർട്ട് ഡി.ജി.പി.-യിൽ നിന്നും ലഭ്യമാക്കി പരിശോധിക്കുമോ;

(ഡി) നിശ്ചിത ദിവസത്തിനുള്ളിൽ അന്വേഷണ റിപ്പോർട്ട് നൽകാത്ത ഉദ്യോഗസ്ഥരുടെ പേരിൽ കർശന നടപടി കൈക്കൊള്ളുമോ;

(ഇ) ചില പോലീസുകാർ വർഷങ്ങളായി പോലീസ് വെരിഫിക്കേഷൻ നടത്തുന്നതിന് മാത്രം സ്ഥിരമായി നിയമിക്കപ്പെടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി കൈക്കൊള്ളുമോ;

(എഫ്) തിരുവനന്തപുരം മ്യൂസിയം പോലീസ് സ്റ്റേഷനിൽ 1-1-2010 മുതൽ നാളിതുവരെ എവിടെ നിന്നെല്ലാം പോലീസ് വെരിഫിക്കേഷൻ നടത്തി തിരികെ നൽകുന്നതിന് പ്രൊഫോർമ ലഭിച്ചിട്ടുണ്ടെന്നും അവ ലഭിച്ച തീയതിയും തിരികെ അയച്ചുകൊടുത്ത തീയതിയും ഇനവും വകുപ്പും തിരിച്ച് വെളിപ്പെടുത്തുമോ; ഇതിൽ കാലതാമസം വന്നിട്ടുണ്ടെങ്കിൽ ആയതിന് കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിലുണ്ട്. വകുപ്പുമേധാവികളിൽനിന്നും അന്വേഷണത്തിന് ലഭിക്കുന്ന പ്രൊഫോർമ, പോലീസ് അന്വേഷണത്തിനുശേഷം പ്രതികൂല റിപ്പോർട്ടല്ല എങ്കിൽ പത്ത് ദിവസത്തിനകം അതാത് ജില്ലാ സൂപ്രണ്ട് ഓഫ് പോലീസ്/കമ്മീഷണർ ഓഫ് പോലീസ് നിയമനാധികാരിക്ക് തിരികെ നൽകിവരുന്നുണ്ട്. ഉദ്യോഗാർത്ഥിയെ സംബന്ധിച്ച് എന്തെങ്കിലും പ്രതികൂല റിപ്പോർട്ടുകൾ ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കുന്ന റിപ്പോർട്ടും പ്രൊഫോർമയും സഹിതം രണ്ടുമാസത്തിനുള്ളിൽ ജില്ലാ സൂപ്രണ്ട് ഓഫ് പോലീസ്/കമ്മീഷണർ ഓഫ് പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ഇന്റലിജൻസ്)-ന് റിപ്പോർട്ട് നൽകുകയും അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ഇന്റലിജൻസ്) പ്രത്യേക റിപ്പോർട്ട് തയ്യാറാക്കി പ്രൊഫോർമ സഹിതം സർക്കാരിലേക്ക് അനന്തര നടപടികൾക്കായി അയച്ചുകൊടുക്കുന്നു.

(ബി) കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇക്കാര്യത്തിൽ പരാതി ലഭിക്കുന്ന മുറയ്ക്ക് ഡയറക്ടർ ജനറൽ ഓഫ് പോലീസിന്റെ റിപ്പോർട്ട് ലഭ്യമാക്കി പരിശോധിക്കുന്നതാണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കും

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ, സഫ്ദർജംഗ് എയർപോർട്ട്, ന്യൂ ഡൽഹി എന്ന സ്ഥാപനത്തിൽ നിന്നും നമ്പർ A/19011/2007/2010 EH/592 തീയതി 18-3-2010 പ്രകാരം ടി സ്ഥാപനത്തിന്റെ മാനേജർ ഒപ്പിട്ട പ്രൊഫോർമ 1-4-2010-ൽ മ്യൂസിയം പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ ഓഫീസിൽ വെരിഫിക്കേഷനായി ലഭിച്ചിട്ടുള്ളതാണ്. ആയത് 03-04-2010-ൽ മ്യൂസിയം പോലീസ് സബ് ഇൻസ്പെക്ടർക്ക് കൈമാറുകയും അന്വേഷണം നടത്തി റിപ്പോർട്ട് ഹാജരാക്കുന്നതിനുവേണ്ടി മ്യൂസിയം പോലീസ് സ്റ്റേഷൻ ASI(Gr) ശ്രീ. സുരേഷ് കുമാറിനെ ചുമതലപ്പെടുത്തിയിരുന്നതും എന്നാൽ ജോബ് വെരിഫിക്കേഷനെക്കുറിച്ചുള്ള പ്രൊഫോർമയെ സംബന്ധിച്ച് അന്വേഷണം നടത്തി പരിചയമില്ലാത്തതിനാൽ ടിയാൻ പ്രൊഫോർമയിലുള്ള വിവരങ്ങൾ യഥാസമയം അന്വേഷണം നടത്താതെ കൈവശം സൂക്ഷിച്ചിട്ടുള്ളതാണ്. സാധാരണ കേന്ദ്ര അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നവരുടെ സ്വഭാവവും പൂർവ്വകാല ചരിത്രവും അന്വേഷണം നടത്തുന്നതിനു വേണ്ടി അതാത് വകുപ്പ് മേധാവികൾ ഉദ്യോഗാർത്ഥിയുടെ പ്രൊഫോർമ അതാത് ജില്ലാ പോലീസ് മേധാവികൾക്ക് റിപ്പോർട്ടിനായി അയച്ചുകൊടുക്കുകയാണ് ചെയ്തുവരുന്നത്. എന്നാൽ പ്രൊഫോർമയുടെ റിപ്പോർട്ട് യഥാസമയം അയച്ചുകൊടുക്കാത്തതിനാൽ ബന്ധപ്പെട്ടവർ ആയതിനെക്കുറിച്ച് അന്വേഷിക്കുകയും തുടർന്ന് 12-11-2010-ൽ മ്യൂസിയം പോലീസ്സ്റ്റേഷനിൽ നിന്നും റിപ്പോർട്ട് തിരുവനന്തപുരം സിറ്റി സ്പെഷ്യൽ ബ്രാഞ്ച് അസി. കമ്മീഷണർക്ക് അയച്ചുകൊടുക്കുകയും അന്വേഷണ റിപ്പോർട്ട് തയ്യാറാക്കി 16-11-2010-ൽ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ, സഫ്ദർജംഗ് എയർപോർട്ട് ന്യൂ ഡൽഹിക്ക് അയച്ചുകൊടുത്തിട്ടുള്ളതുമാണ്. സാധാരണയിൽനിന്നും വിഭിന്നമായി പ്രൊഫോർമ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ നേരിട്ട് മ്യൂസിയം പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ ഓഫീസിലേക്ക് അയച്ചുകൊടുത്തതിനാലും ഇതുപോലുള്ള വെരിഫിക്കേഷൻ മ്യൂസിയം പോലീസ് സ്റ്റേഷനിൽ മുൻപ് അന്വേഷിച്ച് പരിചയമില്ലാത്തതിനാലുമാണ് യഥാസമയം റിപ്പോർട്ട് അയയ്ക്കുവാൻ കാലതാമസം ഉണ്ടായിട്ടുള്ളത്. ഇക്കാര്യത്തിൽ ഉചിതമായ നടപടി യഥാസമയം സ്വീകരിക്കാതിരുന്നതിന്റെ പേരിൽ മ്യൂസിയം പോലീസ് സ്റ്റേഷൻ ASI ശ്രീ. സുരേഷ്കുമാറിനെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചുവരുന്നു.

പോലീസ് വാഹനങ്ങളുടെ വിതരണം

80(372) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസിലെ മോഡേണൈസേഷന്റെ ഭാഗമായി മൊബിലിറ്റി മെച്ചപ്പെടുത്തുന്നതിനായി വാങ്ങിയ വാഹനങ്ങൾക്കുവേണ്ടി (ജലവാഹനങ്ങൾ ഉൾപ്പെടെ) എന്തുതുക ചെലവഴിച്ചു;

(ബി) വാങ്ങിയ മൊത്തം വാഹനങ്ങളും വിതരണം ചെയ്തുകഴിഞ്ഞോ; എങ്കിൽ വിതരണ മാനദണ്ഡം എന്തായിരുന്നുവെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly